# അഖിലേന്ത്യാ മുസ്ലിംലീഗ്

1970-ൽ അധികാരമേറ്റ ഐക്യ ജനാധിപത്യമുന്നണിയിലെ പ്രധാന ഘടകകക്ഷികളായ ഇന്ത്യൻ നാഷ്നൽ കോൺഗ്രസ്സും ഇന്ത്യൻ യൂനിയൻ മുസ്ലിംലീഗും തമ്മിൽ അഭിപ്രായവ്യത്യാസങ്ങൾ ഉടലെടുത്തു. ഘടകകക്ഷിയായിട്ടും കോൺഗ്രസ്സിൽനിന്ന് മുസ്ലിംലീഗിന് നീതിലഭിക്കുന്നില്ലെന്നായിരുന്നു ആക്ഷേപം. സംസ്ഥാന മന്ത്രിസഭയിലെ ചില ലീഗ് മന്ത്രിമാരുടെ പ്രവർത്തന ശൈലിയും പാർട്ടിയിലെ തലമുതിർന്ന നേതാക്കൾക്ക് രുചിച്ചില്ല. ഇത് ക്രമേണ പാർട്ടി നേതാക്കളെ രണ്ടു തട്ടുകളിലാക്കി.

ഇതിനിടെ കണ്ണൂർ ജില്ലയിലെ പാനൂരിൽ മാവിലോട്ട് മഹ്മൂദ് എന്ന മുസ്ലിം ലീഗ് പ്രവർത്തകൻ കോൺഗ്രസ് പ്രവർത്തകന്റെ കൈകളാൽ വധിക്കപ്പെട്ടു. മൂന്നുദിവസം വരെ പ്രതി അറസ്റ്റു ചെയ്യപ്പെട്ടില്ല. കോൺഗ്രസ്സിൽനിന്ന് നീതി കിട്ടുന്നില്ലെന്ന് ലീഗ് നേതാവ് സി.കെ.പി ചെറിയ മമ്മുക്കേയി പരസ്യപ്രസ്താവനയിറക്കി. കോൺഗ്രസ്സിന്റെ നിലപാടുകൾ ചോദ്യം ചെയ്ത് മുസ്ലിം ലീഗ് എം.എൽ.എ ബി.എം അബ്ദുർറഹ്മാൻ കേരള നിയമസഭയിൽ പ്രസംഗിച്ചു. ഇതോടെ മുസ്ലിംലീഗിലെ ഗ്രൂപ്പുകൾ പ്രകടമായിത്തുടങ്ങി.

1975 മാർച്ച് 31-ന് മുസ്ലിംലീഗിലെ ആറ് എം.എൽ.എമാർ ഐക്യ ജനാധിപത്യമുന്നണിയിൽനിന്ന് രാജിവെച്ചു. സയ്യിദ് ഉമർ ബാഫഖീഹ് തങ്ങൾ, പി.എം അബൂബക്കർ, എ.വി അബ്ദുർറഹ്മാൻ ഹാജി, കെ.പി രാമൻ, മുസ്ത്വഫാ പൂക്കോയ തങ്ങൾ, ബി.എം അബ്ദുർറഹ്മാൻ എന്നിവരായിരുന്നു അവർ.

നിയമസഭയിലെ ചില നടപടിക്രമങ്ങളിലുള്ള അഭിപ്രായഭിന്നതകൾ കാരണം കെ. മൊയ്തീൻ കുട്ടി എന്ന ബാവഹാജി 1975 മെയ് 8-ന് സ്പീക്കർ സ്ഥാനം രാജിവെച്ചു. ബാവഹാജിയുടെ രാജി രാഷ്ട്രീയ രംഗത്ത് വലിയ കോളിളക്കമുണ്ടാക്കി. 1975 മെയ് 10-ന് തലശ്ശേരിയിൽ എം.കെ ഹാജി പ്രസിഡന്റും ബാവ ഹാജി വൈസ് പ്രസിഡന്റുമായി അഖിലേന്ത്യാ മുസ്ലിം ലീഗ് രൂപം കൊണ്ടു. അഖിലേന്ത്യാ തലത്തിൽ സിയാഉദ്ദീൻ ബുഖാരി പ്രസിഡന്റും ഹമീദലി ശംനാട് ജനറൽ സെക്രട്ടറിയുമായി ഒരു കമ്മിറ്റി ഉണ്ടാക്കിയിരുന്നുവെങ്കിലും പ്രവർത്തനങ്ങൾ വ്യാപിപ്പിക്കാൻ കഴിഞ്ഞില്ല. പാർട്ടിയുടെ മുഖപത്രമായി കോഴിക്കോട്ടുനിന്ന് ലീഗ് ടൈംസ് പ്രസിദ്ധീകരിച്ചു. ഐക്യമുന്നണി വിട്ട അഖിലേന്ത്യാ മുസ്ലിംലീഗ് ഇടതുപക്ഷമുന്നണിയിൽ സഖ്യകക്ഷിയായി ചേർന്നു. തുടർന്നു നടന്ന മൂന്നു തെരഞ്ഞെടുപ്പുകളിൽ അവർ ഇടതുമുന്നണിയോടൊപ്പം ചേർന്നു മത്സരിച്ചു. ശഹ്ബാനു കേസിനോടനുബന്ധിച്ച് ശരീഅത്ത് വിവാദം മൂർഛിച്ചപ്പോൾ മാർക്സിസ്റ്റു പാർട്ടിയുമായി അഭിപ്രായഭിന്നത വളരുകയും ഇത് മുസ്ലിംലീഗുമായി അടുക്കാൻ കാരണമാവുകയും ചെയ്തു. അങ്ങനെ 1984 ഡിസംബറിൽ ഇരുലീഗുകളും യോജിച്ചു.